"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആറ് കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് ഫണ്ട് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.981/2024/AGRI തീയതി,തിരുവനന്തപുരം, 17-10-2024

പരാമർശം:-
1. 09/05/2022 ലെ സഉ(കൈ)നം.32/ 2022/കൃഷി .
2. 15-06-2024-ലെ സ.ഉ(സാധാ)നം.539/2024/കൃഷി.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 28.06.2024-ലെ ADFW/6809/2022-TV2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 2024-2025 സാമ്പത്തിക വർഷത്തിലെ 'Strengthening of Agricultural Extension" എന്ന സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകൾക്കായി 562 ലക്ഷം രൂപ 2401-00-109-80 plan എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, ചിറക്കര, ആദിച്ചനല്ലൂർ, പൂതക്കുളം, കല്ലുവാതുക്കൽ പൂയപ്പള്ളി എന്നീ ആറ് കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം സ്മാർട്ട് കൃഷിഭവനുകൾക്കായി അനുവദിച്ച തുകയിൽ നിന്നും 157.035 ലക്ഷം രൂപ വിനിയോഗിക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, ചിറക്കര, ആദിച്ചനല്ലൂർ, പൂതക്കുളം, കല്ലുവാതുക്കൽ പൂയപ്പള്ളി എന്നീ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനു വേണ്ടി, 2024-25 സാമ്പത്തിക വർഷത്തിലെ "Strengthening of Agricultural Extension" എന്ന സ്കീമിലെ 2401-00-109-80 plan എന്ന ശീർഷകത്തിൽ, സ്മാർട്ട് കൃഷിഭവനുകൾക്കു വേണ്ടി അനുവദിച്ചിട്ടുള്ള 562 ലക്ഷം രൂപയിൽ നിന്നും 157.035 ലക്ഷം (ഒരു കോടി അമ്പത്തിയേഴ് ലക്ഷത്തി മൂവായിരത്തിയഞ്ഞൂറ് രൂപ മാത്രം) രൂപ വിനിയോഗിക്കുവാൻ കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കൃഷി (ഇ.ബി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ